# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഒക്ടോബർ 22<br>October 22 | 2018 |
|---|---|

***1193 തുലാം 5 തിങ്കൾ***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

## വാച്ച്മാൻ ഇന്റർവ്യൂ 26ന്

റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ താത്ക്കാലിക വാച്ച്മാൻ തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള കൂടിക്കാഴ്ച ഈ മാസം 26ന് രാവിലെ 10.30ന് റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നടക്കും. അപേക്ഷ സമർപ്പിച്ച പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ ജാതി, വയസ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസൽ, മുൻ പരിചയം ഉണ്ടെങ്കിൽ അതിന്റെ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ഹാജരാകണം. ഫോൺ: 04735 227703. (പിഎൻപി 3431/18)

## പരുമലപള്ളി പെരുന്നാൾ: യോഗം ഇന്ന് (23)

പരുമലപള്ളി പെരുന്നാളിന്റെ നടത്തിപ്പുമായി സംബന്ധിച്ച അവലോകന യോഗം ഇന്ന് (23) ഉച്ചയ്ക്ക് ശേഷം 3.30ന് തിരുവല്ല റവന്യു ഡിവിഷണൽ ഓഫീസിൽ ചേരും.

(പിഎൻപി 3432/18)

## കർഷക പെൻഷൻ

കടമ്പനാട് കൃഷിഭവൻ മുഖാന്തരം കർഷക പെൻഷൻ വാങ്ങുന്നവർ ഇതുവരെയും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലെങ്കിൽ ഈ മാസം 31നകം നൽകണമെന്നും അല്ലാത്ത പക്ഷം പെൻഷൻ റദ്ദാക്കുമെന്നും കൃഷി ഓഫീസർ അറിയിച്ചു.

(പിഎൻപി 3433/18)

## ബ്യൂട്ടീഷ്യൻ കോഴ്സ്

പത്തനംതിട്ട എസ്.ബി.ഐയുടെ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ ആരംഭിക്കുന്ന സൗജന്യ ബ്യൂട്ടീഷ്യൻ കോഴ്സിലേക്ക് അപേക്ഷിക്കാം. 18നും 45നും മധ്യേ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ. താത്പര്യമുള്ളവർ ഈ മാസം 25ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ നടക്കുന്ന മുഖാമുഖത്തിൽ പങ്കെടുക്കണം. ഫോൺ: 0468 2270244, 2270243. (പിഎൻപി 3434/18)

## ഗ്രാമസഭ

വടശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പദ്ധതിരൂപീകരണ ഗ്രാമസഭകൾ ഇന്ന് (23) മുതൽ 31 വരെ നടക്കും. (പിഎൻപി 3435/18)

## ഞങ്ങൾ എത്തും ബ്രോ, നിങ്ങളെത്തും മുൻപേ..
## രക്തദാനവുമായി ജില്ലാ പോലീസ്

ജില്ലയിൽ ഏത് സമയത്തും ആവശ്യമായവർക്ക് രക്തം ദാനം ചെയ്യാൻ ജില്ലാ പോലീസിന്റെ ബ്ലഡ് ഡൊണേറ്റിംഗ് കോപ്സ്. പോലീസ് സ്മൃതി ദിനവുമായി ബന്ധപ്പെട്ട് രൂപം കൊണ്ട പദ്ധതിയുടെ ഉദ്ഘാടനം പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ആറന്മുള എംഎൽഎ വീണാ ജോർജ് നിർവഹിച്ചു. ഒരാൾക്ക് രക്തം ആവശ്യമായി വരുമ്പോൾ മറ്റുള്ളവരേക്കാൾ വേഗത്തിൽ യഥാസമയത്ത് രക്തം എത്തിക്കാൻ പോലീസ് സേനയ്ക്ക് കഴിയും. ജില്ലാ പോലീസിന്റെ ഈ ഉദ്യമം പ്രശംസനീയമാണെന്നും സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്നും എംഎൽഎ പറഞ്ഞു.

24 മണിക്കൂറും സേവനസന്നദ്ധമായി കർമനിരതരാണ് ജില്ലയിലെ പോലീസ്. രക്തദാനം മഹാദാനം എന്ന ആശയം പൂർണമായും സമൂഹത്തെ അറിയിക്കുക എന്ന ലക്ഷ്യത്തിലാണ് ബ്ലഡ് ഡൊണേറ്റിംഗ് കോപ്സിന് രൂപം നൽകിയിരിക്കുന്നത്. ഞങ്ങൾ എത്തും ബ്രോ, നിങ്ങളെത്തും മുൻപേ എന്ന ആപ്തവാക്യമാണ് ജില്ലാ പോലീസ് ടാഗ് ലൈനാക്കിയിരിക്കുന്നത്. രക്തം ആവശ്യമുള്ളവർക്കും രക്തം ദാനം ചെയ്യാൻ സന്നദ്ധരായവർക്കും ഏത് സമയത്തും 9497931024, 9995771230 എന്നീ നമ്പറുകളിലോ, പത്തനംതിട്ട പോലീസ് സ്റ്റേഷനിലോ ബന്ധപ്പെട്ടാൽ മതിയാകും.

പത്തനംതിട്ട പോലീസ് സ്റ്റേഷനിലെ എല്ലാ ഉദ്യോഗസ്ഥരും എ.ആർ ക്യാമ്പിലെ പോലീസ് ഉദ്യോഗസ്ഥരും രക്തദാന സേനയിലെ അംഗങ്ങളാണ്. നിലവിൽ തൊണ്ണൂറോളം അംഗങ്ങൾ ബ്ലഡ് ഡൊണേറ്റിംഗ് കോപ്സിന്റെ ഭാഗമായുണ്ട്. രക്തദാന സന്നദ്ധരായ പൊതുജനങ്ങൾക്കു വേണ്ടി പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ പ്രത്യേക കൗണ്ടർ ആരംഭിക്കുമെന്ന് സിഐ സുനിൽകുമാർ പറഞ്ഞു. രക്തദാനത്തിന്റെ പ്രാധാന്യം മനസിലാക്കി കൊടുക്കുന്നതിനും താൽപര്യമുള്ളവരെ അംഗങ്ങളാക്കുന്നതിനും പ്രത്യേക വിഭാഗം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ജില്ലയിലെ എല്ലാ ആശുപത്രികളിലും ചികിത്സയിലുള്ളവർക്കാണ് ആദ്യഘട്ടത്തിൽ രക്തം ദാനം ചെയ്യുക. പത്തനംതിട്ട ഡിവൈഎസ്പി എസ് റഫീഖ് അധ്യക്ഷത വഹിച്ച പരിപാടിയിൽ തിരുവനന്തപുരം സിറ്റി ഡിസിപി ആദിത്യ മുഖ്യാതിഥിയായി. ഡിവൈഎസ്പിമാരായ പ്രദീപ്കുമാർ, സന്തോഷ്, സുധാകരൻ, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ശ്രീലത, ഡോ. പ്രിറ്റി തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3436/18)

## പ്രളയശേഷമുള്ള ഇ- മാലിന്യങ്ങൾ നീക്കം ചെയ്ത് തിരുവല്ല നഗരസഭ

പ്രളയാനന്തരം വീടുകളിൽ അടിഞ്ഞുകൂടിയ ഉപയോഗശൂന്യമായ ഇലക്ട്രോണിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്ന തിരക്കിലാണ് തിരുവല്ല നഗരസഭ. ആദ്യഘട്ടത്തിൽ നഗരസഭയിലെ 35 വാർഡുകളിൽ നിന്നും ശേഖരിച്ച അഞ്ച് ലോഡ് ഇ- മാലിന്യങ്ങളാണ് ക്ലീൻ കേരള കമ്പനി

യ്ക്ക് കൈമാറിയത്. രണ്ടാംഘട്ടത്തിൽ നഗരത്തിൽ ബാക്കിയുള്ള ഇ മാലിന്യങ്ങൾ ഈ മാസം 26ന് ശേഖരിക്കുമെന്ന് നഗരസഭ സെക്രട്ടറി എസ്.ബിജു അറിയിച്ചു.

അപ്രതീക്ഷിത പ്രളയം വരുത്തിയ ആഘാതത്തിൽ നിന്നും സാധാരണ ജീവിതത്തിലേയ്ക്ക് മടങ്ങിയെത്തിയ നഗരവാസികൾക്ക് ഏറെ വെല്ലുവിളിയായത് ഇ-മാലിന്യങ്ങൾ ആയിരുന്നു. പഴയ സാധനങ്ങൾ ശേഖരിക്കുന്നവർ പോലും ഇ മാലിന്യങ്ങളോട് വിമുഖത കാണിച്ചതോടെയാണ് ഇവ നീക്കം ചെയ്യുന്നതിന് നഗരസഭ തന്നെ രംഗത്തെത്തിയത്. നഗരസഭയിലെ വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ ഓരോ വാർഡിലും ഓരോ സ്ഥലങ്ങൾ നിശ്ചയിച്ച് മാലിന്യങ്ങൾ ശേഖരിക്കുകയായിരുന്നു. ഉപയോഗശൂന്യമായ മൊബൈൽഫോൺ, ടിവി, റേഡിയോ, ബാറ്ററികൾ, മെഡിക്കൽ ഉപകരണങ്ങൾ, വാഹനങ്ങളുടേയും യന്ത്രങ്ങളുടേയും ഇലക്ട്രോണിക് ഭാഗങ്ങൾ തുടങ്ങിയവയെല്ലാം ഇ മാലിന്യങ്ങളിൽപ്പെടും. ഗുരുതര പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായേക്കാവുന്ന രാസവസ്തുക്കളാണ് ഇ മാലിന്യങ്ങളിൽ അടങ്ങിയിരിക്കുന്നത്. ഇവ ജലത്തിലും മണ്ണിലുമൊക്കെ കലരുന്നതും വലിയ പ്രശ്നങ്ങൾക്ക് കാരണമാകും. പ്രളയശേഷം ഉപയോഗശൂന്യമായ മാലിന്യങ്ങൾ കാൽനടയാത്രക്കാർക്ക് പോലും ഭീഷണിയായിരുന്നു. (പിഎൻപി 3437/18)

## എച്ച്.എസ്.ഇ ഒഴിവ്

ഇ-ജില്ലാ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിൽ ഒഴിവുള്ള മൂന്ന് ഹാൻഡ് ഹോൾഡ് സപ്പോർട്ട് എൻജിനീയർ തസ്തികകളിലേക്ക് സംസ്ഥാന ഐ.ടി.മിഷൻ കരാർ അടിസ്ഥാനത്തിൽ താത്ക്കാലിക നിയമനം നടത്തുന്നു. അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച ബി.ടെക് ഇൻ ഐ.ടി/കംപ്യൂട്ടർ സയൻസ് അല്ലെങ്കിൽ ഡിപ്ലോമ ഇൻ കംപ്യൂട്ടർ സയൻസ്, ഹാർഡ് വെയർ എൻജിനീയറിംഗ്/കംപ്യൂട്ടർ ടെക്നോളജി/ഐ.ടി എന്നീ യോഗ്യതകളുള്ളവർക്ക് അപേക്ഷിക്കാം. പ്രായം 21നും 27നും മധ്യേ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ അഞ്ച്. കൂടുതൽ വിവരത്തിന് www.pathanamthitta.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പിഎൻപി 3438/18)

## കൈത്തറി ജീവനക്കാർക്ക് ഏകദിന പരിശീലന പരിപാടി നടത്തി

സംസ്ഥാന കൈത്തറി വസ്ത്ര വികസന വകുപ്പും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റും സംയുക്തമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിന്നുള്ള പ്രാഥമിക കൈത്തറി സംഘം ജീവനക്കാർ, ഹാന്റക്സ്, ഹാൻവീവ്, വ്യവസായ വകുപ്പിലെ ഇൻസ്പെക്ടർമാർ എന്നിവർക്കായി ഏകദിന പരിശീലന പരിപാടി നടത്തി. തിരുവനന്തപുരം ബാലരാമപുരത്തുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയിൽ നടന്ന പരിശീലനം തിരുവനന്തപുരം ജില്ലാവ്യവസായ കേന്ദ്രം ജനറൽ മാനേജർ ആർ. രമേഷ് ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജില്ലയിലെ കൈത്തറി സംഘങ്ങളിൽ നിന്നും ദുരിതാശ്വാസനിധിയിലേക്ക് സമാഹരിച്ച തുക ചടങ്ങിൽ കൈമാറി. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഇ. സലാഹുദ്ദീൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ എ. എസ്. ഷിറാസ്, ബാലരാമപുരം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി ഓഫീസർ ഇൻചാർജ്ജ് റ്റി.ഷാജി, കൈത്തറി വികസന വകുപ്പ് ഡയറക്ടറേറ്റ് അസിസ്റ്റന്റ് ഡയറക്ടർ റ്റി. ആർ. സോളമൻ എന്നിവർ സംസാരിച്ചു.

ചരക്ക് സേവന നികുതി, ഇ.ഗവേണൻസ്, ഷോറൂം മാനേജ്മെന്റ്, ഇ-മാർക്കറ്റിംഗ് എന്നീവിഷയങ്ങളിൽ വിദഗ്ധർ ക്ലാസ്സെടുത്തു. (പിഎൻപി 3439/18)

## പെയിന്റിംഗ് മത്സരം

കൈത്തറി വസ്ത്രങ്ങളുടെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിന്റെ ഭാഗമായി ഒന്നു മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്കായി നവംബർ 17ന് കോഴഞ്ചേരി സെന്റ് തോമസ് ഹയർ സെക്കൻഡറി സ്‌കൂളിൽ പെയിന്റിംഗ് മത്സരം നടത്തും. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലാണ് മത്സരം നടത്തുക. ഒന്നു മുതൽ നാല് വരെ, അഞ്ച് മുതൽ ഏഴ് വരെ, എട്ട് മുതൽ 10 വരെ എന്നീ വിഭാഗങ്ങളിലാണ് മത്സരം. ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിലുള്ളവർക്ക് സ്വന്തമായി പെയിന്റിംഗ് വിഷയം തെരഞ്ഞെടുക്കാം. എട്ട് മുതൽ 10 വരെയുള്ളവർക്ക് മത്സരദിവസം പെയിന്റിംഗ് വിഷയം നൽകും. ജില്ലാതലത്തിൽ വിജയിക്കുന്ന ഒന്നും രണ്ടും സ്ഥാനക്കാർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സ്‌കൂൾ തലവന്റെ ശുപാർശയോടെ നവംബർ 13ന് വൈകിട്ട് മൂന്നിനകം കോഴഞ്ചേരി ജില്ലാ വ്യവസായ കേന്ദ്രം, അടൂർ, തിരുവല്ല, പത്തനംതിട്ട താലൂക്ക് വ്യവസായ കേന്ദ്രം എന്നിവിടങ്ങളിൽ ലഭിക്കണം. കൂടുതൽ വിവരത്തിന് ഫോൺ: ജനറൽ മാനേജർ- 0468 2214639, 2212219, താലൂക്ക് വ്യവസായ ഓഫീസ് പത്തനംതിട്ട - 0468 2222052, തിരുവല്ല- 0469 2636760, അടൂർ- 04734 223372. (പിഎൻപി 3440/18)

## തുണിസഞ്ചി നിർമാണ യൂണിറ്റ്

വള്ളിക്കോട് ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച തുണിസഞ്ചി യൂണിറ്റ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസിമോൺ ജേക്കബ് ഉദ്ഘാടനം ചെയ്തു. വാർഡംഗം എം.പി.ജോസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി പി.നന്ദകുമാർ, പ്രസന്ന രാജൻ, ശ്രീജ അജി എന്നിവർ പങ്കെടുത്തു. (പിഎൻപി 3441/18)

## കോന്നി ലീഗൽ മെട്രോളജി ഇൻസ്‌പെക്ടർ ഓഫീസിന്റെ ഉദ്ഘാടനം നാളെ (24)

കോന്നി താലൂക്കിൽ ആരംഭിക്കുന്ന ലീഗൽ മെട്രോളജി ഇൻസ്‌പെക്ടർ ഓഫീസിന്റെ ഉദ്ഘാടനം നാളെ (24) വൈകിട്ട് മൂന്നിന് ലീഗൽ മെട്രോളജി ഭവനിൽ ഭക്ഷ്യമന്ത്രി പി.തിലോത്തമൻ നിർവഹിക്കും. അടൂർ പ്രകാശ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഭക്ഷ്യ പൊതുവിതരണ സെക്രട്ടറി മിനി ആന്റണി മുഖ്യപ്രഭാഷണം നടത്തും. ലീഗൽ മെട്രോളജി വകുപ്പ് കൺട്രോളർ ഡോ.പി.സുരേഷ് ബാബു, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, കോന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.രജനി, വാർഡംഗം സുലേഖ വി.നായർ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 3442/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ജില്ലാ പോലീസിന്റെ ബ്ലഡ് ഡൊണേറ്റിംഗ് കോപ്സ് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ വീണാ ജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.